# SWACHHATA MOBILE APPLICATION

## Flow Chart (ഡൗൺലോഡ് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദേശം)

## മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്യൂ... സമ്മാനം നേടൂ...

നഗരശുചീകരണം കാര്യക്ഷമമായി നടതത്തുന്നതിനും പൊതു ജന പങ്കാളിത്തത്തോടു കൂടി നമ്മുടെ പാലക്കാട് നഗരസഭ മാലിന്യ മുക്ത മാക്കുന്നതിന്റെ ഭാഗമായി **Swachhata** എന്ന മൊബൈൽ ആപ്പിന്റെ പ്രയോജനം ധാരാളം ആളുകൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ഈ മൊബൈൽ ആപ്പിന്റെ സാധ്യത പ്രയോജനപ്പെടുത്തി നഗര ശുചീകരണം നടത്തുന്നതിൽ നമ്മുടെ പാലക്കാട് നഗരസഭ കേരളത്തിൽ 1-ാം സ്ഥാനത്ത് തുടരുന്ന വിവരവും താങ്കളെ സന്തോഷ പൂർവ്വം അറിയിക്കുകയാണ്. ഈ മൊബൈൽ ആപ് താങ്കളും, മുഴുവൻ കുടുംബാംഗങ്ങളും ഡൗൺലോഡ് ചെയ്ത് നഗര ശുചീകരണത്തിൽ പങ്കാളികളാവാനും അതോടൊപ്പം നഗര സഭ ഒരുക്കുന്ന സമ്മാന പദ്ധതിയിൽ പങ്കാളികളാവാനും താങ്കളെ സാദരം ക്ഷണിക്കുന്നു.

1. നിങ്ങളുടെ ആൻഡ്രോയ്ഡ് / ഐഫോൺ എന്നിവയിൽ വളരെ എളുപ്പം ഡൗൺലോഡ് ചെയ്യാവുന്നതാണ്. 6.4 എം ബി മാത്രം.
2. ഡൗൺലോഡ് ചെയ്യുവാൻ ആരംഭിക്കുന്നതിന് മുൻപ് മൊബൈൽ നെറ്റ് കണക്ഷൻ, ലൊക്കേഷൻ എന്നിവ ഓൺ ചെയ്തിരിക്കണം.
3. പ്ലേ സ്റ്റോർ/ആപ്പ് സ്റ്റോറിൽ **Swachhata** എന്ന് ടൈപ്പ് ചെയ്ത് സെർച്ച് ചെയ്യുക.
4. **Swachhata-MOUHA** എന്ന ആപ് സ്ക്രീനിൽ കാണാം. ഇത് ഡൗൺലോഡ് ചെയ്യുക.
6. ഡൗൺലോഡ് ചെയ്യുമ്പോൾ ഓരോ ഘട്ടത്തിലും നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യുക.

   Install → Your Mobile number → OTP → Location (പാലക്കാട് നഗരസഭക്ക് പുറത്താണെങ്കിൽ ലൊക്കേഷൻ കോളത്തിൽ "**Palakkad Municipality**" എന്ന് ടൈപ്പ് ചെയ്യുക, നഗരസഭ പരിധിക്ക് അകത്താണെങ്കിൽ "**Detect your Location**" എന്നത് തെരഞ്ഞെടുത്താൽ ഓട്ടോമാറ്റിക് ആയി ലൊക്കേഷൻ സേവ് ആകും.
7. മലയാളം ഉൾപ്പടെ നിങ്ങൾക്ക് ഇഷ്ടമുള്ള ഭാഷ തെരഞ്ഞെടുക്കുവാൻ അവസരമുണ്ട്.
8. ഡൗൺലോഡിംഗ് പൂർത്തിയായ ശേഷം നിങ്ങൾക്ക് പരാതികൾ പോസ്റ്റ് ചെയ്യാനാകും. മാലിന്യം കൂടികിടക്കുന്ന സ്ഥലം, ചത്ത മൃഗങ്ങൾ, പൊതുശൗചാലയത്തെ സംബന്ധിച്ച വിവരങ്ങൾ അവയുടെ ഫോട്ടോ എടുത്ത് അയക്കുന്നതിനും അല്ലെങ്കിൽ ഫോട്ടോ നിങ്ങളുടെ ഗാലറിയിൽ നിന്ന് തെരഞ്ഞെടുക്കുവാനും അവസരമുണ്ട്.
9. ലഭിച്ച പരാതി പരിഹരിച്ച ശേഷം നിങ്ങളെ വിവരം അറിയിക്കുന്നതാണ്.
10. അതോടൊപ്പം **Swachh Survekshan-2018** എന്ന നഗരശുചീകരണത്തെ വിലയിരുത്തുന്നതിനുള്ള സർവ്വേയിൽ പാലക്കാട് നഗരസഭക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടി തരുന്ന സിറ്റിസൺ ഫീഡ് ബാക്ക് രേഖപ്പെടുത്തുന്നതിനുള്ള ലിങ്ക് ഈ മൊബൈൽ ആപ്പിൽ ഉണ്ട്. **Take Survey** എന്ന ലിങ്ക് ഉപയോഗിച്ച് സർവ്വേയിൽ പങ്കെടുക്കുക.
10. **Swachhata Mobile** ആപ്പ് ഡൗൺലോഡ് ചെയ്യുന്നവർക്കുള്ള സമ്മാനം നേടുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

* Mobile App Download ചെയ്യുക- 'Take Survey' യിൽ പങ്കെടുക്കുക- **Palakkad Municipality Swachha Survekshan 2018** എന്ന Facebook പേജ് Like & Share ചെയ്യുക.

മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്തവരെ സംബന്ധിച്ച വിവരങ്ങൾ ഞങ്ങളുടെ ഡാഷ് ബോർഡിൽ ലഭ്യമായിരിക്കും. നറുക്കെടുപ്പിലൂടെ ആകർഷകമായ സമ്മാനം നേടുവാനുള്ള സുവർണ്ണാവസരം പരമാവധി പ്രയോജനപ്പെടുത്തുകയും, നഗരശുചീകരണത്തിൽ പങ്കാളികളാവുകയും ചെയ്യുക.

സെക്രട്ടറി
പാലക്കാട് നഗരസഭ

## പാലക്കാട് നഗരസഭ

## സ്വച്ഛ് കോളനി അവാർഡ് – രജിസ്ട്രേഷൻ ഫോറം

കോഡ് നമ്പർ :

കോളനിയുടെ പേര് :

വാർഡ് നമ്പർ :

ഹെൽത്ത് ഡിവിഷൻ നമ്പർ :

സെക്രട്ടറിയുടെ പേര് : മൊബൈൽ നമ്പർ :

ഇ-മെയിൽ വിലാസം :

പ്രസിഡന്റിന്റെ പേര് : മൊബൈൽ നമ്പർ :

ഇ-മെയിൽ വിലാസം :

കോളനിയുടെ തരം :

അപ്പാർട്ട്മെന്റ്സ് : ☐ വില്ലകൾ : ☐ രണ്ടും കൂടിയത് : ☐

കോളനിയിലെ വീടുകളുടെ എണ്ണം :

### സത്യ പ്രസ്താവന

പാലക്കാട് നഗരസഭയിലെ ശുചിത്വമുള്ള കോളനികളെ തെരഞ്ഞെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് കൊള്ളാമെന്നും മേൽ പറഞ്ഞ കാര്യങ്ങൾ സത്യമാണെന്നും ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

ഒപ്പ്

സ്ഥലം : പേര് :

തിയ്യതി : ഔദ്യോഗിക സ്ഥാനം :

കോളനിയുടെ ലാന്റ് മാർക്ക് :

---

### ഓഫീസ് ആവശ്യത്തിന്

അപേക്ഷ സ്വീകരിച്ച തിയ്യതി :

സ്വീകരിച്ച ഉദ്യോഗസ്ഥന്റെ പേര് :

ഡിവിഷൻ നമ്പർ :

റിമാർക്സ് :

स्वच्छ भारत
एक कदम स्वच्छता की ओर

PALGHAT MUNICIPALITY

മാലിന്യമുക്ത കേരളം

**സ്വച്ഛ് കോളനി അവാർഡിനായി നടക്കുന്ന കോളനികളുടെ ശുചിത്വ നിലവാരം പരിശോധനയിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പരിഗണിക്കുന്നതായിരിക്കും.**

1. കോളനികളിലെ വീടുകളിൽ ജൈവം, അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള ബക്കറ്റുകൾ ഒരുക്കിയിണ്ടാകണം.

2. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടാകണം.

* കോളനികൾക്ക് പൊതുവായ രീതിയിലോ/ഓരോ വീടുകൾക്കും പ്രത്യേകമായോ ജൈവ മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കാവുന്നതാണ്.

3. കോളനികളിലെ മലിന ജലം സംസ്ക്കരിക്കുന്നതിന് PCB അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന Sewage Treatment Plant (S T P) ഉണ്ടായിരിക്കേണ്ടതും, മലിന ജലം പൊതു കാനയിലേക്ക് ഒഴുക്കാതെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടാകണം.

4. കോളനികളിലെ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നഗരസഭാ കുടുംബശ്രീ സിറ്റി ക്ലീനിംഗ് യൂണിറ്റിന് കൈമാറുന്നതിനുള്ള സംവിധാനം ഒരുക്കണം. (പ്ലാസ്റ്റിക്, ഗ്ലാസ്, ലെതർ, ഇ-വേസ്റ്റ് മുതലായവ)

5. മാലിന്യ സംസ്കരണത്തിന് ഇൻസിനറേറ്റർ ഉപയോഗിക്കുന്നുവെങ്കിൽ ആയതിന് PCB യുടെ അനുമതി പത്രം ഹാജരാക്കണം.

6. കോളനിയിലെ പൊതുവീഥികൾ വൃത്തിയായി സൂക്ഷിച്ചും, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതുമായിരിക്കണം.

7. കോളനിക്കകത്തെ പൊതു സ്ഥലങ്ങൾ (മീറ്റിംഗ് ഹാൾ, ചിൽഡ്രൻസ് പാർക്ക്, പൂന്തോട്ടം) മുതലായവ വൃത്തിയായി സൂക്ഷിക്കേണ്ടതും ഉപയോഗ യോഗ്യവുമായിരിക്കണം.

8. നഗരശുചീകരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള Swachhata എന്ന മൊബൈൽ ആപ്പ് കോളനിയിൽ എല്ലാവരും ഡൗൺലോഡ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ Flow Chart ഇതോടൊപ്പം നൽകുന്നു.

9. Swachhata Mobile App ഡൗൺലോഡ് ചെയ്തിട്ടുള്ള കോളനിക്കാരുടെ മൊബൈൽ നമ്പർ പ്രത്യേകം ചേർത്തിട്ടുള്ള ഫോറത്തിൽ നൽകണം. സമ്മാനത്തിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള നറുക്കെടുപ്പിൽ ഇവരെ ഉൾപ്പെടുത്തുന്നതാണ്.

9. മാലിന്യ ശേഖരണവും സംസ്ക്കരണവുമായി ബന്ധപ്പെട്ട് കോളനിയിൽ നടപ്പിലാക്കുന്ന പ്രത്യേക പരിപാടികൾ ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം ഫോട്ടോ ഉൾപ്പെടെ 'Best Practices' ആയി പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

10. 'സ്വച്ഛ് കോളനി'യെ കണ്ടെത്തുന്നതിനുള്ള പരിപൂർണ്ണ അധികാരം ഇതിനായി നിയോഗിക്കപ്പെട്ട ജൂറിയിൽ നിക്ഷിപ്തമായിരിക്കും.

സെക്രട്ടറി
പാലക്കാട് നഗരസഭ